**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767** **30-01-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതിയുടെ പുനരധിവാസ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ടവർക്ക് ശിപാർശ ചെയ്യപ്പെട്ടിരുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്നും ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ജീവനോപാധി നഷ്ടപരിഹാരമായി പാരിസ്ഥിതികാഘാത പഠന റിപ്പോർട്ടിൽ (EIA) 8.55 കോടി രൂപയും (മത്സ്യത്തൊഴിലാളികളും റിസോർട്ട് തൊഴിലാളികളും ഉൾപ്പെടെ), സർക്കാർ നിയോഗിച്ച LIACറിപ്പോർട്ട് പ്രകാരം 39.34 കോടി രൂപയുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, വിവിധ വിഭാഗങ്ങളിലായി ഉപജീവനാഘാതം സംഭവിച്ച പദ്ധതി ബാധിതർക്ക് നാളിതുവരെ 106.93 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി സർക്കാർ വിതരണം ചെയ്തു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പുനരധിവാസ പാക്കേജ് പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾ ഇതുവരെ നൽകിയിട്ടുണ്ടെന്നു വിശദമാക്കാമോ; | (ബി) | തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി / ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 5,60,000/- രൂപ വീതം 916 പേർക്ക് 54.92 കോടി രൂപയും കട്ടമരത്തൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 43 പേർക്ക് 1.81 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 |

| | | | |
|---|---|---|---|
| | | | കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു.<br><br>തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശ ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ശുദ്ധജല വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ 1000 ൽപ്പരം ശുദ്ധജല വിതരണ കണക്ഷൻ സൗജന്യമായി നൽകിക്കഴിഞ്ഞു. ഖര മാലിന്യ നിർമ്മാർജ്ജനത്തിന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലെ വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കി. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോ ജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്ന തിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) ന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇവിടെ തുറമുഖാനുബന്ധ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പ്രദേശവാസികൾക്ക് മുൻഗണന നൽകിക്കൊണ്ട് നടപ്പിലാക്കുന്നതാണ്. പദ്ധതി പ്രദേശത്തിനു സമീപം കായിക അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുക യാണ്. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളി കൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുക യാണ്.<br><br>ഇതിനു പുറമേ കരാർ കമ്പനിയും മറ്റനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | സംസ്ഥാന-കേന്ദ്ര സർക്കാരുകൾ എത്ര തുക | (സി) | തുറമുഖ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | വീതമാണ് വിഴിഞ്ഞം തുറമുഖത്തിനായി ഇതുവരെ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | | നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. തുറമുഖ നിർമ്മാണത്തിനും അനുബന്ധ വികസനത്തിനുമായി 2023 ഡിസംബർ 31 വരെ സംസ്ഥാന സർക്കാർ 1703.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ (PPP) നടപ്പാക്കുന്നതിനായി 2015 ആഗസ്റ്റ് 17 ന് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ കൺസഷൻ കരാറിലേർപ്പെട്ടു. 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ടം കരാർ പ്രകാരം പൂർത്തിക്കരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3 ന് ആയിരുന്നു. വിഴിഞ്ഞം പദ്ധതി കരാർ പ്രകാരമുള്ള പൂർത്തീകരണ തിയതിക്കുള്ളിൽ പൂർത്തിയാക്കാൻ കരാർ കമ്പനിക്ക് സാധിച്ചിട്ടില്ല. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിലാണ് പദ്ധതി വൈകിയത്. കരാർ കമ്പനി സമർപ്പിച്ച പുതുക്കിയ ഷെഡ്യൂൾ പ്രകാരം പദ്ധതി 2024 ഡിസംബറിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ